**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1219 **20.01.2014 -ലെ** മറുപടിയ്ക്ക്

## *നാട്ടിക ബി.എഡ്. സെന്ററിന് സ്ഥലം*

ചോദ്യം
ശ്രീമതി. ഗീതാ ഗോപി

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാട്ടിക ഫിഷറീസ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ താൽകാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ബി.എ.ഡ് സെന്ററിന് സ്ഥിരമായി സ്ഥലം നൽകുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ ; | (എ) (ബി) & (സി) | നാട്ടിക ഫിഷറീസ് സ്കൂളിൽ നിലവിൽ 5-10 ക്ലാസ് വരെയുള്ള ഹൈസ്കൂൾ സെക്ഷൻ 54 സെന്റ് സ്ഥലത്തും ഹയർ സെക്കണ്ടറി സ്കൂൾ 4.28 ഏക്കർ സ്ഥലത്തും , 22 സെന്റ് സ്ഥലത്ത് ബി.എഡ് സെന്ററും പ്രവർത്തിക്കുന്നു. ഹയർ സെക്കണ്ടറി സ്കൂളിന് ആവശ്യമായ 3 ഏക്കർ ഒഴിച്ചുള്ള സ്ഥലത്ത് നിന്നും ബി.എഡ്. സെന്ററിന് സ്ഥലം നൽകിയാൽ ഇത് സ്കൂളുകളുടെ വികസനത്തെ ബാധിക്കും 54 സെന്റിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളിന് ഇപ്പോൾ തന്നെ സ്ഥല പരിമിതി അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗവ:ഫിഷറീസ് ഹൈസ്കൂളിന്റെ സ്ഥലം കോഴിക്കോട് യൂണിവേഴ്സിറ്റിക്ക് ബി.എഡ് സെന്ററിന് നൽകാൻ കഴിയുകയില്ല എന്ന വിവരം തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഫിഷറീസ് സ്കൂൾ വക സ്ഥലം ബി.എഡ്. സെന്ററിന് കൈമാറുന്നത് സംബന്ധിച്ച് സർവ്വ കക്ഷി യോഗം തീരുമാനിച്ചതനുസരിച്ച് നിവേദനം നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| (സി) | സ്ഥലം കൈമാറ്റ നടപടികൾ ത്വരിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**